# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 9, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി**

**<u>സ്റ്റാർട്ട് അപ്പ് വില്ലേജ്</u>**

*481 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ്പ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

**<u>കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ</u>**

*482 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് റാങ്കിംഗിൽ കേരള ബാങ്ക് സി-ഗ്രേഡിലേക്ക് താഴ്ന്നത് ബാങ്കിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) റിസർവ് ബാങ്കിന്റെ ഭവന വായ്പ സംബന്ധിച്ച പുതിയ വ്യവസ്ഥ പ്രകാരം കേരള ബാങ്കിന് ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കേരള ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പുതുതായി നടപ്പിലാക്കാൻ തീരുമാനിച്ച വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

## സാമ്പത്തിക പ്രയാസം മറികടക്കുന്നതിന് പാക്കേജ്

*483 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി കേന്ദ്ര ബജറ്റിൽ പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് മൂലധന നിക്ഷേപ വായ്പാ പദ്ധതിയിൽ സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഏതെല്ലാം വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; സിൽവർലൈൻ പദ്ധതിയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി

*484 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഈ മേഖലയിലെ ട്രേഡ് ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിന് നൂതന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൂടുതൽ സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) വ്യാപാര രംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ?

## കേരള ബാങ്കിന്റെ റേറ്റിംഗ്

*485 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക്, കേരള ബാങ്കിന്റെ റേറ്റിംഗ് ബി-യിൽ നിന്ന് സി-യിലേക്ക് മാറ്റിയത് കാർഷിക വായ്പ, സംഘാംഗങ്ങൾക്കുള്ള വായ്പ, ചെറുകിട സംരംഭ വായ്പ, ഭവന വായ്പ എന്നിവയെ എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കുമോ;

(ബി) പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്ക് നൽകിവരുന്ന ഓവർ ഡ്രാഫ്റ്റ് അടക്കമുള്ള സഹായങ്ങളെ ഇത് ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രതിസന്ധി എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തു നിന്നും കപ്പൽ സർവീസ്</u>

*486 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി വിഴിഞ്ഞത്ത് നിന്നും സംസ്ഥാനത്തെ മറ്റ് തുറമുഖങ്ങളിലേക്ക് കപ്പൽ സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലേക്കാണ് സർവീസ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>കേരള ബ്രാൻഡ് പദ്ധതി</u>

*487 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതിലൂടെ അന്താരാഷ്ട്ര വിപണിയിൽ അവയ്ക്ക് വിപണനസാധ്യത വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരള ബ്രാൻഡ് പദ്ധതിയനുസരിച്ച് മെയ്ഡ് ഇൻ കേരള ബ്രാൻഡിംഗ് ലഭിക്കുന്നതിന് ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ഉണ്ടായിരിക്കേണ്ട മിനിമം ക്വാളിറ്റി

ഉറപ്പു വരുത്തുന്നതിനായി സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ആഭ്യന്തര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ഇറക്കുമതി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

## <u>സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം</u>

*488 **ശ്രീ. എ. രാജ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ സംഘങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് നൂതന സാങ്കേതിക പരിജ്ഞാനവും മേഖലയെക്കുറിച്ച് സമഗ്രമായ അറിവുമുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) ഈ ലക്ഷ്യം മുൻനിർത്തി പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്ന ഘട്ടത്തിൽ തന്നെ പരിശീലനം നൽകുന്നതിനായി പദ്ധതി നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) സഹകരണ പരീക്ഷാ ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) അന്തിമ യോഗ്യതാ പട്ടികയിലുള്ളവരെ ഇന്റർവ്യൂ നടത്തി മാർക്ക് രേഖപ്പെടുത്തി അയയ്ക്കുന്നതിന് ചില സംഘങ്ങളിൽ നിന്നുണ്ടാകുന്ന കാലതാമസം കാരണം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വൈകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## <u>പൂർത്തീകരിക്കാനുള്ള വൈദ്യുത പദ്ധതികൾ</u>

*489 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കു മുൻപ് ആരംഭിച്ച് ഇതുവരെയും പണി പൂർത്തിയാക്കാത്ത വൈദ്യുത പദ്ധതികളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇവയുടെ പണി പൂർത്തീകരിച്ചാൽ പുറമേ നിന്ന് വൈദ്യുതി വാങ്ങുന്ന ചെലവ് കുറയ്ക്കാമെന്നത് പരിഗണിച്ച് എത്രയും വേഗം പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## അന്താരാഷ്ട്ര ഊർജ്ജ മേള

*490 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് അന്താരാഷ്ട്ര ഊർജ്ജ മേള നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത മേളയുടെ ഭാഗമായി നടന്ന ചർച്ചകളിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസക്തമായവ വിവരിക്കുമോ;

(സി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ മികച്ച നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അദ്ധ്യാപക-വിദ്യാർത്ഥി സമൂഹത്തിൽ അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികീകരണം

*491 **ശ്രീ. ടി. സിദ്ദിഖ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി ഉമ തോമസ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും നബാർഡിൽ നിന്നും ലഭിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സോഫ്റ്റ്വെയർ ഏകീകരണത്തിന് കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സ്കെയിൽ അപ്പ് കോൺക്ലേവ്

*492 **ശ്രീമതി ദെലീമ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സ്കെയിലിംഗ് അപ്പ് വെല്ലുവിളികൾ നേരിടുന്നതിന് ആവശ്യമായ നൂതന നയങ്ങൾ രൂപീകരിക്കുന്നതിനായി സ്കെയിൽ അപ്പ് കോൺക്ലേവ് സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രാജ്യത്തെ ആദ്യത്തെ ഫ്യൂഷൻ ബിസിനസ് കോൺക്ലേവ് ആയി മാറുവാൻ ഇതിന് കഴിഞ്ഞിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ മറ്റ് ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്ന ദിശയിലേക്ക് ചർച്ചകൾ ഉയർത്തിക്കൊണ്ടുവരുവാൻ കോൺക്ലേവിന് കഴിഞ്ഞിട്ടുണ്ടോ; വരുംവർഷങ്ങളിൽ ഇതു കൂടുതൽ വിപുലമായി നടത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഇൻകം സപ്പോർട്ട് സ്കീം**

*493 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായങ്ങൾക്ക് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇൻകം സപ്പോർട്ട് സ്കീം വഴി നൽകാനുള്ള തുക നൽകാത്തത് കാരണം പരമ്പരാഗത വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

**സഹകരണമേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടലുകൾ**

*494 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പദ് വ്യവസ്ഥയിൽ നിർണായക സംഭാവന നൽകുന്ന സഹകരണമേഖലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമേഖലാ ബാങ്കുകൾക്ക് സമ്പന്നരുടെ വായ്പകൾ നിഷ്ക്രിയ ആസ്തി ആയി എഴുതിത്തള്ളുവാൻ മൗനാനുവാദം നൽകുന്ന റിസർവ് ബാങ്ക് സംസ്ഥാനത്തെ സഹകരണ ബാങ്കുളിൽ നിന്നും വായ്പയെടുത്ത് നിഷ്ക്രിയ ആസ്തിയായി മാറുന്ന സാധാരണക്കാരുടെ ബാധ്യതയിന്മേൽ തികച്ചും വ്യത്യസ്തമായ നിലപാടെടുക്കുന്നത് ഈ മേഖലയോട് കേന്ദ്ര സർക്കാരിനുള്ള അവഗണനയായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിയന്ത്രണം ലക്ഷ്യമിട്ട് നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ**

*495 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗത്തും വിപണന രംഗത്തും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇന്ത്യയുടെ മൊത്തത്തിലുള്ള വികസനത്തിനും വ്യവസായവത്കരണത്തിനും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഇന്ത്യയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രം നടത്തിയ മൊത്തം നിക്ഷേപത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വിഹിതം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗത്തിന് ശേഷമുള്ള അധിക ഭൂമിയിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടങ്ങളിൽ നിന്നും ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കുവാൻ നടപടി</u>

*496 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കൊമേഴ്സ് പോർട്ടലുകൾ വഴി സാധനങ്ങൾ വാങ്ങുമ്പോൾ എപ്രകാരമാണ് ജി.എസ്.ടി. ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-കൊമേഴ്സ് പോർട്ടൽ വഴിയുള്ള കച്ചവടം ക്രമാതീതമായി വർദ്ധിക്കുമ്പോൾ ഈ ഇനത്തിലുള്ള നികുതി ചോർച്ച സംസ്ഥാനത്തിന്റെ ജി.എസ്.ടി. വരുമാനത്തെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇ-കൊമേഴ്സ് പോർട്ടലുകൾ വഴിയുള്ള കച്ചവടങ്ങളിൽ നിന്നുമുള്ള ജി.എസ്.ടി. പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ശബരിമല റോപ് വേ പദ്ധതി</u>

*497 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. എം. എം. മണി**
**ഡോ. സുജിത് വിജയൻപിള്ള**

**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ശബരിമല സന്ദർശിക്കാനെത്തുന്ന ഭക്തർക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ശബരിമല റോപ് വേ പദ്ധതിയുടെ നിലവിലെ സ്ഥിതിയും പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ?

<u>**ബാങ്കേഴ്സ് സമിതിയുടെ വിലയിരുത്തൽ**</u>

*498 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി സംബന്ധിച്ച് സംസ്ഥാന ബാങ്കേഴ്സ് സമിതി വിലയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് വിവിധ മേഖലകളിലായി സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി നിക്ഷേപം നടത്തുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾ വായ്പയായി നൽകിയിട്ടുള്ള തുക സംബന്ധിച്ച് പരാമർശിച്ചിട്ടുള്ള പ്രസ്തുത സമിതിയുടെ ഈ വർഷത്തെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിക്ഷേപ പ്രവർത്തനങ്ങളുടെ അനന്തരഫലമെന്താണെന്ന് വിശദമാക്കുമോ?

<u>**വൈദ്യുതി ബോർഡിന്റെ കുടിശിക**</u>

*499 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും എണ്ണൂറ്റി അൻപത് കോടിയിലേറെ രൂപ കുടിശികയിനത്തിൽ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ടെന്നത് വസ്തുതയാണോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ വൈദ്യുതി ബോർഡിന് സ്വകാര്യ വ്യക്തികളിൽ നിന്നും കുടിശിക കിട്ടാനുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

## വായ്പാ നിക്ഷേപ അനുപാതം

*500 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ എന്നിവയുടെ വായ്പാ നിക്ഷേപ അനുപാതം എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഈ അനുപാതം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

## ജി.എസ്.ടി. യിൽ ഉണ്ടാകുന്ന വരുമാന നഷ്ടം

*501 **ശ്രീ. പി.പി. സുമോദ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-കോമേഴ്സ് മുഖാന്തിരം വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഈടാക്കുന്ന ജി.എസ്.ടി.യിൽ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഒ.ടി.ടി. അടക്കമുള്ള ഓൺലൈൻ സേവനങ്ങൾക്കായി സംസ്ഥാനത്തെ ഉപഭോക്താക്കൾ നൽകുന്ന നികുതിയിൽ നിന്നും സംസ്ഥാനത്തിന് വിഹിതം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത വിഷയം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## വ്യവസായമേഖലയിൽ വിദേശ സാങ്കേതികവിദ്യ

*502 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വ്യവസായ മേഖലയിൽ വിദേശ കമ്പനികളുടെ ഉടമസ്ഥതയിൽ ഏതെങ്കിലും സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിലെ വ്യവസായമേഖലയിൽ വിദേശ കമ്പനികളുടെ സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ

പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കേരളത്തിലെ വ്യവസായങ്ങളെ അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക</u>**

*503 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർജീവമായ ട്രഷറി അക്കൗണ്ടുകളിലെ തുക സർക്കാരിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) അക്കൗണ്ട് ഉടമകളോ അനന്തരാവകാശികളോ പ്രസ്തുത അക്കൗണ്ടുകളിലെ തുകയുടെ അവകാശം ഉന്നയിച്ചാൽ അത് തിരികെ നൽകാൻ സാധിക്കുമോ?

**<u>വിഴിഞ്ഞം തുറമുഖത്തിൽ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം</u>**

*504 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്തർദേശീയ തുറമുഖത്തിലെ വിവിധ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രദേശവാസികളുടെ പ്രശ്നങ്ങൾ കേൾക്കുവാനും അത് പരിഹരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>തുറമുഖങ്ങൾ ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ</u>**

*505 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങളുടെ ആഴംകൂട്ടുന്നതിനായി ഡ്രഡ്ജ് ചെയ്യുമ്പോൾ ലഭിക്കുന്ന മണൽ ശുദ്ധീകരിച്ച് കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിൽ വരുത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളിൽ നിന്നും ലഭിക്കുന്ന മണലാണ് ഇപ്രകാരം ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിലെ സ്വർണ നിക്ഷേപ പദ്ധതി</u>**

*506 **ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിൽ നിത്യപൂജയ്ക്കോ ഉത്സവങ്ങൾക്കോ ഉപയോഗിക്കാത്ത, സ്ട്രോങ് റൂമിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണ ഉരുപ്പടികൾ റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റ് സ്കീം പ്രകാരം ബാങ്കിലേയ്ക്ക് മാറ്റുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ഉപയോഗിക്കാതെ നശിച്ചു പോകുന്ന വിളക്കുകളും പാത്രങ്ങളും ലേലം ചെയ്യുന്നതിന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് എതെങ്കിലും ദേവസ്വം ബോർഡുകൾ ഇതിനുമുമ്പ് ഇത്തരം നിക്ഷേപ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നിക്ഷേപം നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

**<u>നികുതി ചോർച്ച തടയാൻ നടപടി</u>**

*507 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. എ. രാജ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ നൽകുമ്പോഴും പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയതിലൂടെ, ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിന് ജനങ്ങൾക്ക് കൂടുതൽ താല്പര്യം ഉണ്ടാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>സംസ്ഥാനത്തേക്ക് നിക്ഷേപകരെ സ്വീകരിക്കാൻ നടപടി</u>**

*508 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലേക്ക് നിക്ഷേപകരെ ക്ഷണിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) നിക്ഷേപകർക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതാഘാതം മൂലമുള്ള അപകടങ്ങൾ

*509 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതാഘാതം മൂലം അപകടം ഉണ്ടായാൽ ഉടൻ വൈദ്യുതി ബന്ധം വേർപെടുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വൈദ്യുതാഘാതം മൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് നടപടി

*510 **ശ്രീ ഡി കെ മുരളി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും ഇതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നികുതി വെട്ടിപ്പിനെതിരെ സംസ്ഥാനത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നികുതി വെട്ടിപ്പ് അവസാനിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ കണിശമാക്കുമ്പോൾ കൃത്യമായി വിവരങ്ങൾ നൽകുകയും നികുതി അടയ്ക്കുകയും

ചെയ്യുന്ന വ്യാപാരി-വ്യവസായികൾ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 30, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].